## തിരുവനന്തപുരം സിറ്റി പോലീസ്

### പത്രക്കുറിപ്പ്

### കോവിഡ്-19

# പോലീസ് ഉദ്യോഗസ്ഥനെ കയ്യേറ്റം ചെയ്ത പ്രതി പിടിയിൽ

# നഗരത്തിലെ പുതിയ കണ്ടയിൻമെന്റ് സോണുകളായ പ്രദേശങ്ങൾ അടച്ചു.

## വിലക്ക് ലംഘനം : 251 പേർക്കെതിരെ നിയമ നടപടി 44,800/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം:- എ ആർ ക്യാമ്പിൽ അതിക്രമിച്ചു കടന്നു പോലീസ് ഉദ്യോഗസ്ഥനെ കയ്യേറ്റം ചെയ്യുകയും ഡ്യൂട്ടി തടസപ്പെടുത്തുകയും ചെയ്ത കേസിലെ പ്രതിയെ അറസ്റ്റ് ചെയ്തതായി ഐ ജി പി യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. കല്ലിയൂർ വില്ലേജിൽ ഊക്കോട് ഉപനിയൂർ സിലമ ദേശത്ത് കെ വി നിവാസിൽ നിന്നും കൊല്ലം ശക്തികുളങ്ങര കാവനാട് ജംഗ്ഷനിൽ വിജയ ഭവനിൽ താമസിക്കുന്ന പ്രശോക് (50) നെയാണ് മ്യൂസിയം പോലീസ് അറസ്റ്റ് ചെയ്തത്. എ ആർ ക്യാമ്പ് സെൻട്രി ഡ്യൂട്ടി നോക്കിയിരുന്ന ഉദ്യോഗസ്ഥന്റെ വിലക്ക് മറികടന്നു ക്യാമ്പിനുള്ളിൽ പ്രവേശിക്കുകയും പോലീസ് ഉദ്യോഗസ്ഥനെ ദേഹോപദ്രവം ഏല്പിക്കുകയും ഡ്യൂട്ടി



മ്യൂസിയം പോലീസ് അറസ്റ്റ് ചെയ്ത പ്രശോക് (50)

തടസ്സപ്പെടുത്തുകയും ചെയ്തതിനാണ് മ്യൂസിയം പോലീസ് ഇയാൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്തത്. ഇയാൾ വനം വകുപ്പിന്റെ ആര്യങ്കാവ് ഡിവിഷനിൽപ്പെട്ട ഉദ്യോഗസ്ഥനാണ്. മ്യൂസിയം ക്രൈം എസ് ഐ ശ്യാം രാജ്, എ എസ് ഐ മാരായ ഷാജി, സന്തോഷ്, സി പി ഓ അഭിലാഷ് എന്നിവർ അറസ്റ്റിനും അന്വേഷണത്തിനും നേതൃത്വം നൽകി

## നഗരത്തിലെ പുതിയ കണ്ടയിൻമെന്റ് സോണുകളായ പ്രദേശങ്ങൾ അടച്ചു.

നഗരത്തിൽ പുതുതായി മൈക്രോ കണ്ടയിൻമെന്റ് സോണുകളായി പ്രഖ്യാപിച്ച മുട്ടട (സി.പി നഗർ പ്രദേശങ്ങൾ), അമ്പലത്തറ (മിത്രാ നഗർ, അമ്മച്ചിമുക്ക് ജംഗ്ഷൻ, വി–വൺ റസിഡൻസ് അസോസിയേഷൻ പ്രദേശങ്ങൾ), കമലേശ്വരം(ഗംഗാ നഗർ, ജൂബിലി നഗർ), പുത്തൻപള്ളി (ബദരി നഗർ, മിൽക്ക് കോളനി റോഡ്, മാണിക്യവിളാകം(ആസാദ് നഗർ, ജവഹർ പള്ളി, ആലുകാട് പ്രദേശങ്ങൾ), ബീമാപള്ളി ഈസ്റ്റ്(സദ്ദാംനഗർ), മുട്ടത്തറ (വട്ടവൊത്ത് റസിഡൻസ്, വട്ടവൊത്ത് ആറ്റരികത്ത്, വട്ടവൊത്ത് ആൽത്തറ മുട്ടക്ക് പ്രദേശങ്ങൾ), ശംഖുമുഖം(ജി.വി രാജ എ സ്ട്രീറ്റ്, ബി സ്ട്രീറ്റ്, സി സ്ട്രീറ്റ്, രാജീവ് നഗർ, കണ്ണാന്തുറ പ്രദേശങ്ങൾ) എന്നീ മൈക്രോ കണ്ടയിൻമെന്റ് സോണുകളായ പ്രദേശങ്ങളിലേക്ക് കടന്നുവരുന്ന റോഡുകൾ അടച്ച് സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തി. ഇവിടേയ്ക്ക് ആരെയും പ്രവേശിക്കാൻ അനുവദിക്കില്ല. മെഡിക്കൽ ആവശ്യങ്ങൾക്ക് അല്ലാതെ ആരെയും പുറത്തേക്ക് വിടുന്നതുമല്ല. മെഡിക്കൽ സ്റ്റോറുകൾ ഈ സോണിൽ തുറന്നു പ്രവർത്തിക്കാം. അതുപോലെ പലചരക്ക്, പഴം–പച്ചക്കറി കടകൾ

നിശ്ചിതസമയക്രമവും കർശന സുരക്ഷാമാനദണ്ഡങ്ങളും പാലിച്ച് പ്രവർത്തിക്കാവുന്നതാണ്. ഇവിടങ്ങളിൽ യാതൊരുവിധ ഹോം-ഡെലിവറിയും അനുവദിക്കുന്നതല്ല. അത്യാവശ്യ മെഡിക്കൽ സേവനങ്ങൾക്കായി മാത്രമേ പുറത്തു പോകുന്നതിനും അകത്തേക്ക് വരുന്നതിനും അനുവദിക്കുകയുള്ളൂ.

## കോവിഡ്-19 കേസ് വിവരം

നഗരത്തിലെ കോവിഡ് രോഗവ്യാപനത്തിന്റെ തീവ്രത കണക്കിലെടുത്ത് തിരുവനന്തപുരം സിറ്റി പോലീസ് ഇന്നലെ (14-10-2020) നടത്തിയ പരിശോധനയിൽ 251 പേർക്കെതിരെ ഇന്നലെ നിയമ നടപടി സ്വീകരിച്ചു. മാസ്ക് ധരിക്കാതെ പൊതുസ്ഥലങ്ങളിൽ കണ്ടെത്തിയ 208 പേർക്കെതിരെയും സാമൂഹ്യഅകലം പാലിക്കാതെ കാണപ്പെട്ട 16 പേർക്കെതിരെയും മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വീസ് നടത്തിയ 11 വാഹനങ്ങൾക്കെതിരെയും ഇന്നലെ നടപടി സ്വീകരിച്ചു. വിവിധ വിലക്ക് ലംഘനങ്ങൾക്ക് പിടിയിലായവരിൽ നിന്നും 44,800/- രൂപയാണ് പിഴ ഇനത്തിൽ ഈടാക്കിയത്. അതോടൊപ്പം തലസ്ഥാനത്ത് ഇന്നലെ കോവിഡ് മാർഗ്ഗ നിർദേശങ്ങൾ പാലിക്കാത്ത 16 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരവും കേസെടുത്തു.

കോവിഡ് രോഗവ്യാപനം ദിനംപ്രതി അതിരൂക്ഷമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വ്യാപാര സ്ഥാപനങ്ങളിൽ പോലീസ് കർശന പരിശോധന നടത്തുമെന്നും മനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിക്കുന്ന കടകൾ പൂട്ടിയ്ക്കുമെന്നും കമ്മീഷണർ അറിയിച്ചു. തലസ്ഥാനത്തെ കണ്ടയിൻമെന്റ് സോണുകളിൽ

അതിർത്തികൾ അടച്ചുകൊണ്ടുള്ള പോലീസ് നിരീക്ഷണവും പരിശോധനയും രാത്രിയും പകലും ശക്തമായി തുടരും. സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി പോലീസ് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളോട് പൊതുജനങ്ങൾ പൂർണ്ണമായും സഹകരിക്കണം. രോഗവ്യാപനം തടയുന്നതിനായി ജാഗ്രതാ നിർദേശങ്ങൾ എല്ലാപേരും പാലിക്കണമെന്നും, വിലക്ക് ലംഘനം നടത്തുന്നവർക്കെതിരെ വിട്ടുവീഴ്ചയില്ലാതെ നിയമ നടപടികൾ സ്വീകരിക്കുമെന്നും സിറ്റി പോലീസ് കമ്മീഷണർ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു.

തിരുവനന്തപുരം സിറ്റി

14-10-2020

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം സിറ്റി

OFFICE OF THE COMMISSIONER OF POLICE * THIRUVANANTHAPURAM CITY * Government of Kerala